## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*73.** **10.06.2019 ൽ മറുപടിയ്ക്ക്**

## മയക്കമരുന്ന് വ്യാപനം തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് മയക്കമരുന്ന് വ്യാപനം തടയുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മയക്കമരുന്ന് വ്യാപനം തടയുന്നതിന് കേരള പോലീസ്, ഫോറസ്റ്റ്, നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവരുമായി വിവരങ്ങൾ കൈമാറി യോജിച്ചുള്ള പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നു. കൂടാതെ മറ്റു സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് മേധാവികളുമായുള്ള യോജിച്ച പ്രവർത്തനങ്ങളിലൂടെ വൻതോതിലുള്ള മയക്ക് മരുന്ന് കേസുകൾ കണ്ടെടുക്കുകയും ചെയ്തുവരുന്നു.<br>എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിലെ റെയിഞ്ച് സർക്കിൾ ഓഫീസുകൾക്ക് പുറമെ 14 ജില്ലകളിലായി 14 നർക്കോട്ടിക് സ്ക്വാഡുകളും ഇടുക്കി ജില്ലയിലെ അടിമാലി കേന്ദ്രവുമായി ഒരു നർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിക്കുന്നു. കൂടാതെ ആദിവാസി മേഖലകളായ നിലമ്പൂർ, മാനന്തവാടി, ദേവികുളം, അട്ടപ്പാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 4 ജനമൈത്രി സ്ക്വാഡുകളും മയക്കമരുന്നിന്റെ വ്യാപനം ഈ മേഖലകളിൽ ഉണ്ടാകാതെ അതീവ ജാഗ്രത പുലർത്തുന്നുണ്ട്.<br>സംസ്ഥാന അതിർത്തികളിലും ചെക്ക്പോസ്റ്റുകളിലും നടത്തുന്ന വാഹന പരിശോധനകളിലൂടെ നർക്കോട്ടിക് മരുന്നുകളുടെ സംസ്ഥാനത്തേയ്ക്കുള്ള വരവും കൈമാറ്റങ്ങളും ഫലപ്രദമായി ചെറുക്കുന്നു.<br>സംസ്ഥാന വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ/ കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ യുവാക്കളിലേക്ക് ലഹരി വിരുദ്ധ സന്ദേശം |

| | | | |
|---|---|---|---|
| | | | എത്തിക്കുകയും, 'ലഹരിക്കെതിരെ കായിക ലഹരി' എന്ന മുദ്രാവാക്യവുമായി കായികമേളകളും മാരത്തോണും സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |
| (ബി) | മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി കോളേജുകളിലും ഹൈസ്കൂൾ/ഹയർ സെക്കൻഡറി തലത്തിലുള്ള എല്ലാ സ്കൂളുകളിലും മാതാപിതാക്കളുടെ സഹകരണം കൂടി ഉറപ്പുവരുത്തിക്കൊണ്ട് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലബ്ബുകൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പുറമെ രക്ഷാകർത്താക്കളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്. നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>സംസ്ഥാനത്തെ മുഴുവൻ സ്കൂൾ/കോളേജുകളിലും വിമുക്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വിമുക്തി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ